# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 745 — 28.02.2018 -ലെ മറുപടി

**ഭൂഗർഭ ജലത്തിന്റെ ഉപഭോഗം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി. | | മാത്യു ടി. തോമസ് (ജലവിഭവ വകുപ്പുമന്ത്രി) | |
| എ) | ഭൂഗർഭ ജലത്തിന്റെ ഉപഭോഗം സംബന്ധിച്ചുള്ള സ്ഥിതി വിവര കണക്കുകൾ സർക്കാരിന്റെ പക്കലുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; | എ) | സംസ്ഥാനത്തെ ഭൂജല വിഭവശേഷി തിട്ടപ്പെടുത്തുന്നതിനായി ഭൂജലവകുപ്പും കേന്ദ്ര ഭൂജല ബോർഡും സംയുക്തമായി പഠനം നടത്തി ഭൂജലത്തിന്റെ സ്ഥിതിയും ലഭ്യതയും സംബന്ധിച്ച റിപ്പോർട്ട് കാലാകാലങ്ങളിൽ തയ്യാറാക്കി വരുന്നു. ഡയനാമിക് ഗ്രൗണ്ട് വാട്ടർ റിസോഴ്സ് ഓഫ് കേരള 2013 വരെയുള്ള റിപ്പോർട്ട് 2015 നവംബറിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട് ഈ റിപ്പോർട്ട് അനുസരിച്ച് കാർഷികാവശ്യത്തിനുള്ള ആകെ ഭൂജല ഉപഭോഗം 1181.77 എം.സി.എം.-ഉം ഗാർഹികാവശ്യത്തിനും വ്യാവസായികാവശ്യത്തിനുമുള്ള ഭൂജല ഉപഭോഗം 1453.14 എം.സി.എം-ഉം ആണ്.<br>പ്രസ്തുത റിപ്പോർട്ടിന്റെ പ്രസക്ത ഭാഗങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന്റെ പക്കൽ കേരളത്തിലെ കുഴൽ കിണറുകളെ സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | ബി) | ഉണ്ട്. ഭൂജല വകുപ്പ് കഴിഞ്ഞ 5 വർഷ കാലം കൊണ്ട് നിർമ്മിച്ച കുഴൽകിണറുകളുടെ എണ്ണം 8259 ആണ്. എന്നാൽ കേരളത്തിലെ സ്വകാര്യ കുഴൽക്കിണർ ഏജൻസികൾ മുഖേന കുഴിച്ച കുഴൽകിണറുകളുടെ കണക്ക് വകുപ്പിൽ ലഭ്യമല്ല. |
| സി) | സ്വകാര്യ ഏജൻസികൾ കുഴിക്കുന്ന കുഴൽ കിണറുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് നിലവിൽ സംവിധാനമുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | സി) | സ്വകാര്യ കുഴൽക്കിണർ നിർമ്മിക്കുന്ന ഏജൻസി/സ്ഥാപനം, റിഗ്ഗുകൾ എന്നിവ ഭൂജല അതോറിറ്റിയുടെ കീഴിൽ നിലവിൽ രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ട് സ്വകാര്യ ഏജൻസികൾ, കുഴിക്കുന്ന കുഴൽക്കിണറുകളുടെ വിശദ വിവരങ്ങളോടു കൂടിയ പട്ടിക ഭൂജലവകുപ്പിന് മൂന്നു മാസത്തിലൊരിക്കൽ സമർപ്പിക്കണം എന്നതാണ് പ്രസ്തുത രജിസ്ട്രേഷനിലെ ഒരു പ്രധാന വ്യവസ്ഥ. ആയതിന്മേലുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ഡി) | സ്വകാര്യ കുഴൽ കിണർ ഏജൻസികളുടെ പ്രവർത്തനങ്ങളിൽ എന്തെങ്കിലും നിയന്ത്രണങ്ങളോ നിബന്ധനകളോ | ഡി) | ഉണ്ട് സ്വകാര്യ കുഴൽ കിണർ നിർമ്മാണത്തിലേർപ്പെട്ടിട്ടുള്ള ഏജൻസി/സ്ഥപനം എന്നിവയ്ക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ട് മൂന്നു വർഷം പ്രവർത്തി പരിചയം ഉള്ള |

| | | | |
|---|---|---|---|
| | ഏർപ്പെട്ടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | | ഏജൻസി/സ്ഥാപനങ്ങൾക്കു മാത്രമേ രജിസ്ട്രേഷൻ നൽകുകയുള്ളൂ. കൂടാതെ ഒരു ഏജൻസി/സ്ഥാപനത്തിന് പരമാവധി 3 റിഗ്ഗുകൾ മാത്രമേ രജിസ്ട്രേഷൻ ചെയ്യാൻ സാധിക്കുകയുള്ളൂ. |
| ഇ) | അനിയന്ത്രിതമായ ഭൂഗർഭ ജല ചൂഷണം ഉണ്ടാക്കിയേക്കാവുന്ന പാരിസ്ഥിതിക ആഘാതങ്ങളെ കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ? | ഇ) | സംസ്ഥാനത്ത് ഭൂജല ചൂഷണം തടയുന്നതിനും, നിയന്ത്രിക്കുന്നതിനും കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട്-2002 നിലവിലുണ്ട് ഈ ആക്ടിന്റെ വ്യവസ്ഥകൾ പ്രകാരം ഉള്ള പ്രവർത്തനങ്ങൾ വകുപ്പ് നടപ്പിലാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**

Table.5.2 (Continued)

| Sl. No. | District | Command/ non-Command/ Total | Net Annual Ground Water Availability (MCM) | Existing Gross Ground Water Draft for irrigation (MCM) | Existing Gross Ground Water Draft for domestic and industrial water supply (MCM) | Existing Gross Ground Water Draft for All uses (MCM) | Provision for domestic, and industrial requirement supply up to 2025 (MCM) | Net Ground Water Availability for future irrigation development (MCM) | Stage of Ground Water Development (%) (13*100/10) |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 10 | 11 | 12 | 13 | 14 | 15 | 16 |
| 1 | ALAPPUZHA | Non-Command | 431.61 | 38.93 | 98.55 | 137.48 | 94.53 | 298.15 | 31.85 |
| 2 | ERNAKULAM | Non-Command | 538.72 | 77.00 | 121.78 | 198.78 | 136.38 | 325.33 | 36.90 |
| 3 | IDUKKI | Non-Command | 200.43 | 55.16 | 46.37 | 101.53 | 40.46 | 104.81 | 50.65 |
| 4 | KANNUR | Non-Command | 469.01 | 80.12 | 105.67 | 185.79 | 109.99 | 278.89 | 39.61 |
| 5 | KASARGOD | Non-Command | **328.89** | 163.97 | 65.61 | 229.58 | 71.80 | 98.65 | 69.81 |
| 6 | KOLLAM | Non-Command | 364.55 | 49.95 | 112.82 | 162.77 | 128.93 | 185.67 | 44.65 |
| 7 | KOTTAYAM | Non-Command | 407.74 | 48.50 | 82.82 | 131.32 | 91.55 | 267.69 | 32.21 |
| 8 | KOZHIKODE | Non-Command | 331.72 | 44.11 | 134.29 | 178.39 | 145.90 | 141.44 | 53.78 |
| 9 | MALAPPURAM | Non-Command | 516.87 | 95.60 | 206.54 | 302.14 | 238.86 | 182.41 | 58.46 |
| 10 | PALAKKAD | Non-Command | 648.93 | 218.58 | 134.26 | 352.85 | 141.12 | 290.10 | 54.37 |
| 11 | PATHANAMTHITTA | Non-Command | 254.11 | 36.47 | 56.45 | 92.92 | 54.33 | 181.93 | 36.57 |
| 12 | TRIVANDRUM | Non-Command | 296.24 | 52.91 | 125.63 | 178.54 | 128.88 | 114.45 | 60.27 |
| 13 | THRISSUR | Non-Command | 581.75 | 204.70 | 123.37 | 328.08 | 129.38 | 247.66 | 56.40 |
| 14 | WAYANAD | Non-Command | 280.96 | 15.76 | 38.98 | 54.74 | 37.77 | 227.43 | 19.48 |
|  | KERALA STATE |  | 5651.53 | 1181.77 | 1453.14 | 2634.91 | 1549.87 | 2944.62 | 46.62 |
|  | (BCM) |  | 5.65 | 1.18 | 1.15 | 2.63 | 1.55 | 2.94 | 46.62 |